വളരെ അടിയന്തിരം

സി 4/43439/(എ)/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 19/11/2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഫയൽ അദാലത്ത് നടത്തുന്നത് - 21/11/2018 ലെ മീറ്റിംഗ് 22/11/2018 ലേയ്ക്ക് മാറ്റി വച്ച് വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 17/11/2018 -ലെ സി 4/43439/(എ)/18/കോ.വി.വ. നം. സർക്കുലർ.

********

22/11/2018 -ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ വച്ച് ഫയൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. ഫയൽ അദാലത്തിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പങ്കെടുക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ പെൻഡിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പെൻഡിംഗ് ഫയലുകളും റിപ്പോർട്ട് ഉൾപ്പെടെ (12/11/2018-ലെ അദാലത്തിൽ സർക്കാർ പെൻഡിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഫയലുകൾ) ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പാൾമാർ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ടുമാർ നിർബന്ധമായും രാവിലെ 10 മണിക്ക് സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ എത്തിച്ചേരേണ്ടതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ കെട്ടികിടക്കുന്ന ഫയലുകളെ സംബന്ധിച്ച് 19/11/2018 -ന് ഈ ഓഫീസിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 21/11/2018-ന് റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടർമാർ/ പ്രിൻസിപ്പാൾമാർ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ എത്തിച്ചേരുവാൻ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 22/11/2018 -ന് സർക്കാർ ദർബാർ ഹാളിൽ വെച്ച് അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതിനാൽ 19/11/2018 -ന് ഈ ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്ന റിപ്പോർട്ട് (ഫയൽ) ഉൾപ്പെടെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ, അക്കൗണ്ട്സ് ഓഫീസർമാർ എന്നിവർ 22/11/2018 -ന് രാവിലെ 10 മണിക്ക് സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിലും പ്രിൻസിപ്പാൾമാർ ഉച്ചയ്ക്ക് 1 pm-ന് കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലും എത്തിച്ചേർന്നാൽ മതിയാകും എന്ന് അറിയി ക്കുന്നു. ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് ആവശ്യമുള്ള പക്ഷം അവധി ദിവസങ്ങളിൽ ഈ

വിഷയം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജീവനക്കാരെ നിയോഗിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറേ-റ്റുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-
രമേഷ് റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) സി.എ. ടു കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ/
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ/
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ/
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
സീനിയർ ഫിനാൻസ് ഓഫീസർ

2) എല്ലാ അക്കൗണ്ട്സ് ഓഫീസർമാർക്കും

3) കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും

} അവധി ദിവസങ്ങളിൽ ആവശ്യമുള്ള പക്ഷം ജീവനക്കാരെ നിയോഗി-ക്കേണ്ടതാണ്

4) ഈ ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 19/11/18